

Monthly Price: Rs. 4 Year: 2010

# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

# താല്ക്കാലിക വരങ്ങൾ



# THE BIBLE TRUTH

**Editor**
**P.K. VARGHESE**

000

**Published by Church of Christ**

**പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം**

**Vol. 25** **May 2010** **No.2**

# എഡിറ്റോറിയൽ

മനുഷ്യന്റെ ഭക്തി ഇന്നു ദൈവഹിതത്തിൽ നിന്നകന്നിരിക്കുന്നതായി അവരുടെ ജീവിതത്തിൽ നിന്നു മനസിലാകും. ധാർമ്മികമായും ആത്മികമായും സാംസ്ക്കാരികമായും ജനങ്ങളുടെ നിലവാരം താഴ്ന്നു വരികയാണ്. ഭൂരിഭാഗം പേരും തങ്ങളുടെ അറിവിലും ഇഷ്ടത്തിലും ഒതുങ്ങി നില്ക്കുവാനാണ് ആഗ്രഹിക്കുന്നത്. അവർ സ്വീകരിക്കേണ്ടത് ആധികാരിക പരിജ്ഞാനമാണ്. നമ്മുടെ കുടുംബത്തിൽനിന്നും വിദ്യാഭ്യാസത്തിൽനിന്നും കിട്ടുന്ന അറിവു പോരായ്മ ഉള്ളതാണെന്നു നാം തിരിച്ചറിയണം. തികവുള്ളതും മനുഷ്യർക്ക് ഒഴിച്ചുനിർത്താനാവാത്തതും ദൈവത്തിന്റെ പരിജ്ഞാനമാണ്. പരിശുദ്ധനെ കുറിച്ചുള്ള പരിജ്ഞാനമാണ് വിവേകം നല്കുന്നത് എന്നു നാം മനസിലാക്കണം.

തികച്ചും പ്രായോഗികമാക്കാവുന്നതാണ് ദൈവത്തിന്റെ തിരുവെഴുത്തുകളാകുന്ന വചനം. നമ്മുടെ നടപ്പിനും നമ്മുടെ ഇടപാടുകൾക്കും പെരുമാറ്റത്തിനും ഏറ്റവും പ്രയോജനപ്രദമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ദൈവികസന്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതു വായിച്ച് മനസിലാക്കി ജീവിച്ചാൽ നമുക്ക് സന്തോഷവും സമാധാനവും ഉണ്ടാകും. സന്തോഷവും സമാധാനവും മനുഷ്യ മനസിൽ നിന്നു നീങ്ങിപോകുന്നത് ദൈവം അവരിൽ നിന്നു നീങ്ങി പോകുന്നതു കൊണ്ടാണ്. ബാഹ്യമായി നാം ചെയ്യുന്ന ഓരോ പ്രവൃത്തിയും നമ്മുടെ ഉള്ളിൽ നാം തീരുമാനിക്കുന്നതനുസരിച്ചായിരിക്കും.

അതൊരു യാഥാർത്ഥ്യമാണ്.

നമ്മുടെ ആയുഷ്ക്കാലം ഒരു നിഴൽപോലെ കടന്നു പോകും. എന്നാൽ ഈ ലോകജീവിതത്തേക്കാൾ വലുതായ ആത്മികവും ഭക്തിനിർഭരവുമായ ഒരു ജീവിതമാർഗ്ഗമാണ് ദൈവം തന്റെ സാദൃശത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യർക്കായി നല്കിയിട്ടുള്ളത്. അത് ഓരോ വ്യക്തിയും വായിച്ചുമനസിലാക്കണം. പരിജ്ഞാനമില്ലായ്കയാൽ ആളുകൾ നശിച്ചുപോകും. ദൈവവചനം വെറുതെ കേൾക്കുന്നവർ മാത്രമായിരിക്കാതെ അതു ചെയ്യുന്നവരായിരിക്കണമെന്നു വചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. ദൈവത്തെ വെറുതെ വിളിക്കുന്നതും വെറും വിശ്വാസം മാത്രം കൊണ്ടിരിക്കുന്നതും തെറ്റാണ്. കാരണം അതു ദൈവമുൻപാകെ സ്വീകാര്യമല്ല. അതുപോലെ ദൈവപ്രമാണങ്ങളെ ത്യജിച്ച് പാരമ്പര്യ പ്രമാണങ്ങളെ അനുസരിച്ച് നടക്കുന്നതും പാപമായിട്ടാണ് ദൈവം കണക്കാക്കുന്നത്.

ഓരോ വ്യക്തിയുടേയും വിജയവും പരാജയവും മറ്റുള്ളവരെ ആശ്രയിക്കുന്നതാകരുത്, പിന്നെയോ അതു ദൈവവചനപ്രകാരമുള്ള ജീവിതമാണ് നയിക്കുന്നതെങ്കിൽ ആശ്രയം ദൈവത്തിൽ ആയിരിക്കും. നാം ദൈവത്തിൽ മാത്രം ആശ്രയിക്കുകയും മനുഷ്യരിൽ ആശ്രയിക്കാതിരിക്കുകയും വേണം. കാരണം മനുഷ്യരിൽ ആശ്രയിക്കുന്നതിനേക്കാൾ ദൈവത്തിൽ ആശ്രയിക്കുന്നതാണ് ഉത്തമം എന്നു സങ്കീർത്തനക്കാരൻ നമ്മെ പഠിപ്പിക്കുന്നു. ദൈവഭയമില്ലാത്തവരിൽ ധാർമ്മികമായ നീതി കാണുകയില്ല. അന്യായം ചെയ്യുവാൻ ആളുകൾ ഇന്നു ധൈര്യപ്പെടുന്നതിന്റെ കാരണം അതാണ്. അവർ ദൈവത്തിന്റെ സത്യത്തെ തടുക്കുകയാണ്. അനീതികൊണ്ടു സത്യത്തെ തടുക്കുന്ന ഏതു മനുഷ്യനിലും ദൈവകോപം വരും. ദൈവകോപം നമ്മിൽ പെരുകിയാൽ നാശമായിരിക്കും ഫലം. അതൊഴിവാക്കുവാൻ ദൈവം കല്പിച്ചിരിക്കുന്നതു മാനസാന്തരപ്പെടുവാനാണ്. ദൈവകല്പന ലംഘിച്ചാൽ ശിക്ഷിക്കപ്പെടും. രക്ഷക്കായി യേശു ദൈവപുത്രനാണെന്നു ഹൃദയംകൊണ്ടു വിശ്വസിച്ചു വായ് കൊണ്ട് ഏറ്റു പറയണം. പിന്നെ പാപമോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്ക്കുകയും വേണം. അപ്പോഴാണ് നാം ശിക്ഷയിൽനിന്നു മോചിക്കപ്പെടുന്നത്.

# സുവിശേഷം അനുസരിക്കൽ

## J.C. ചോട്ട്

ഒരാൾക്ക് സുവിശേഷം അനുസരിക്കുവാൻ കഴിയുമോ? അതു അസാധ്യമാണെന്നു പറയുന്ന ചിലരുണ്ട്. എന്നാൽ ബൈബിൾ പഠിപ്പിക്കുന്നതു അതിനു വിപരീതമാണ്. സുവിശേഷത്തിന്റെ വസ്തുതകൾ നിരീക്ഷിച്ചു കഴിഞ്ഞവയാണ്. അവയെ നാം വിശ്വസിക്കണം. പിന്നെ സുവിശേഷത്തിന്റെ കല്പനകളുണ്ട്. അവയെകുറിച്ച് പിന്നീടു നാം ചർച്ച ചെയ്യുന്നതാണ്. നാം അവയെ അനുസരിക്കേണ്ടതുണ്ട്.

ആരംഭമായി നമുക്ക് സുവിശേഷവസ്തുതകളെ വീണ്ടും ഒന്നു ഊന്നിപ്പറയാം. പൗലൊസ് അതിനെ 1 കൊരിന്ത്യർ 15:1-4 വരെയുള്ള വേദഭാഗത്ത് വെളിപ്പെടുത്തിയിരിക്കുന്നത് ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയായിട്ടാണ്. എന്നാൽ അവർക്ക് അനുസരണവുമായി എന്തു ബന്ധമാണുള്ളത്? വളരെയധികമുണ്ട്. അതു നാം കാണുവാൻ പോകുന്നു. റോമയിലുണ്ടായിരുന്ന ക്രിസ്ത്യാനികൾക്ക് അപ്പൊസ്തലനായിരുന്ന പൗലൊസ് എഴുതിയതു ശ്രദ്ധിക്കുക: "എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായി തീർന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം" (റോമർ 6:17,18).

ശ്രദ്ധിക്കേണ്ട കാര്യമെന്തെന്നാൽ അവർ മുൻപു പാപത്തിന്റെ ദാസന്മാരായിരുന്നു, പിന്നെ അവർ നീതിക്കു ദാസന്മാരായിതീർന്നു. അവരിൽ ആ മാറ്റമുണ്ടാക്കിതീർത്തതെന്താണ്? അവർക്ക് ഏല്പിച്ചു കിട്ടിയ ഉപദേശരൂപം അവർ ഹൃദയപൂർവ്വം അനുസരിച്ചു എന്നതാണ് ഉത്തരം. മറ്റൊരു വാക്കിൽ പറഞ്ഞാൽ അവർ സുവിശേഷം അനുസരിച്ചു. എന്നാൽ അവർക്ക് എങ്ങനെ അതിനു കഴിഞ്ഞു? അവിടെ പറഞ്ഞിരിക്കുന്ന ഉപദേശരൂപത്തിൽ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയും ഉൾപ്പെട്ടിരിക്കുന്നു. അവർ ഉപദേശരൂപം അനുസരിക്കുമ്പോൾ, അവർ തങ്ങളുടെ പാപസംബന്ധമായ ശരീരങ്ങളെ മരിപ്പിച്ചു വെള്ളമാകുന്ന കല്ലറയിൽ അടക്കം ചെയ്തു വെള്ളത്തിൽനിന്നു എഴുന്നേറ്റു വരുന്നു.

റോമാ ലേഖനം 6-ന്റെ ആദ്യഭാഗത്ത് പറഞ്ഞിരിക്കുന്നതു നമുക്ക് വായിക്കാം. "ആകയാൽ നാം എന്തുപറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? ഒരുനാളും അരുത്. പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതെങ്ങനെ? അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായി തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു. ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നെ. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിനു അടിമപ്പെടാതവണ്ണം പാപശരീരത്തിനു നീക്കം വരേണ്ടതിന്നു നമ്മുടെ പഴയ മനഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു (റോമർ 6:1-6).

അപ്പോൾ അവർ ഉപദേശരൂപം അനുസരിച്ചതു അങ്ങനെയാണ്. അവർ മാത്രമല്ല, വചനപ്രകാരം സ്നാനം ഏല്ക്കുന്നവർ എല്ലാം അങ്ങനെയാണ് അനുസരിക്കേണ്ടത്. കാരണം സുവിശേഷം ഒരിക്കൽ എന്നേക്കുമുള്ള വിശ്വാസത്തിനും അനുസരണത്തിനുമായി നമുക്ക് ഏല്പിച്ചു തന്നിരിക്കുന്നതാണ്. ക്രിസ്തുവിന്റെ യാഗത്തോടു ബന്ധപ്പെടുന്ന അനുസരണം എല്ലാവർക്കും ആവശ്യമാണ്. കാരണം മനുഷ്യരെല്ലാവരും പാപത്തിലാണ് ജീവിക്കുന്നത്. പാപമോചനം ഏവർക്കും ആവശ്യമാണ്. അതുകൊണ്ട് സുവിശേഷം സകല ജാതികൾക്കുമുള്ളതാണ്. ഭൂമിയിൽ ഒക്കെയും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ എന്നു കർത്താവു കല്പിച്ചതു അതാണ്. പക്ഷെ ആളുകൾ കർത്താവിന്റെ സുവിശേഷത്തെ ഇന്നു മാറ്റി മറിച്ചു കളഞ്ഞിരിക്കുകയാണ്. സുവിശേഷത്തിലെ വസ്തുതകൾ എങ്ങനെ ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർപ്പ് എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു നമുക്ക് നോക്കാം. യേശു തന്റെ ഉയിർത്തെഴുന്നേല്പിനു ശേഷം ശിഷ്യന്മാരോട് കല്പിച്ചതു നമുക്ക് ശ്രദ്ധയോടെ മനസിലാക്കേണ്ടതുണ്ട്.

യേശു ഉയിർത്തെഴുന്നേറ്റശേഷം ശിഷ്യന്മാരോടു ആധികാരികമായി പറഞ്ഞത്: “ആകയാൽ നിങ്ങൾ പുറപ്പെട്ടു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചത് ഒക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചും കൊണ്ട് സകല ജാതികളേയും ശിഷ്യരാക്കിക്കൊൾവിൻ; ഞാനോ ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോടു കൂടെ ഉണ്ടു എന്നു അരുളിച്ചെയ്തു (മത്തായി 28:19-20). ഇതിൽ നിന്നും മനസിലാക്കാവുന്ന കാര്യം വളരെ വ്യക്തമാണ്. കർത്താവിന്റെ കല്പനകൾ എല്ലാവരെയും അറിയിക്കയും ആളുകൾ അത് അനുസരിക്കുകയും വേണം.

രക്ഷിക്കപ്പെടുവാനുള്ള കല്പനകൾ പ്രസംഗിക്കയും ആളുകൾ അവ അനുസരിക്കയും വേണം. കർത്താവിന്റെ കല്പന ലഭിച്ച അപ്പൊസ്തലന്മാർ അതു യെരുശലേമിൽ തുടങ്ങി ലോകത്തിന്റെ നാനാഭാഗത്തും പ്രസംഗിക്കയുണ്ടായി. ആദ്യത്തെ പ്രസംഗം കേട്ടവരിൽ 3000 പേർ അതിനോടു ശരിയായി പ്രതികരിച്ചു. അവർ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ട് വിശ്വസിച്ച് അനുസരിച്ചു. അപ്പോൾ കർത്താവ് അവരെ രക്ഷിച്ച് അവന്റെ സഭയോടു ചേർത്തു. പ്രസംഗത്തിൽ അവർ, യേശു ദൈവപുത്രനാണെന്ന് തെളിവുകൾ നിരത്തി അവരെ ബോധ്യമാക്കി. അപ്പോൾ അവർ എന്താണ് ചെയ്യേണ്ടതെന്നു ചോദിച്ചു. അതിനു പത്രൊസ് പറഞ്ഞതു നിങ്ങൾ മാനസാന്തരപ്പെട്ട് ഓരോരുത്തരും നിങ്ങളുടെ പാപമോചനത്തിനായി സ്നാനമേല്പിൻ എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും (പ്രവൃത്തികൾ 2:38).

അതുപോലെ ശൗലിനു കർത്താവു പ്രത്യക്ഷനായെങ്കിലും അവനും രക്ഷിക്കപ്പെടേണ്ടതിനു എന്തു ചെയ്യണമെന്ന് അറിയേണ്ടിയിരുന്നു. അപ്പോൾ കർത്താവ് അവനോട് പട്ടണത്തിലേക്ക് പോക. അവിടെ ചെല്ലുമ്പോൾ നീ ചെയ്യേണ്ടതെന്തെന്നു നിന്നോടു പറയും എന്നു പറഞ്ഞു. അവൻ അവിടെ ചെന്നപ്പോൾ അനന്യാസ് എന്ന സുവിശേഷകൻ അവന്റെ പാപങ്ങൾ എങ്ങനെ കഴുകിക്കളയണമെന്നു പറഞ്ഞു. അവൻ അതനുസരിച്ചപ്പോൾ കർത്താവു അവന്റെ പാപങ്ങൾ മോചിച്ചു കൊടുത്തു (പ്രവൃത്തികൾ 22:16).

പ്രവൃത്തികളുടെ പുസ്തകം 8-ാം അദ്ധ്യായത്തിൽ നാം

ഷണ്ഡന്റെ പരിവർത്തനത്തെ കുറിച്ചു വായിക്കുന്നുണ്ട്. ആത്മാവ് ഫിലിപ്പൊസ് എന്ന സുവിശേഷകനെ ഷണ്ഡന്റെ അടുക്കൽ എത്തിക്കുകയും അവൻ അവനോടു സുവിശേഷം അറിയിക്കുകയും ചെയ്തു. തുടർന്നു ഷണ്ഡൻ സ്നാനപ്പെടുവാൻ ആഗ്രഹം പ്രകടിപ്പിച്ചു. എന്നാൽ പിന്നീട് നടക്കുന്ന സംഭാഷണം ശ്രദ്ധിക്കുക: "നീ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നുവെങ്കിൽ ആകാം എന്നു പറഞ്ഞു. യേശുക്രിസ്തു ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു എന്നു അവൻ ഉത്തരം പറഞ്ഞു. അങ്ങനെ അവൻ തേർ നിർത്തുവാൻ കല്പിച്ചു. അവർ ഇരുവരും വെള്ളത്തിൽ ഇറങ്ങി. അവൻ അവനെ സ്നാനം കഴിപ്പിച്ചു. അവർ വെള്ളത്തിൽ നിന്നു കയറിയപ്പോൾ കർത്താവിന്റെ ആത്മാവ് ഫിലിപ്പോസിനെ എടുത്തുകൊണ്ടുപോയി. ഷണ്ഡൻ പിന്നെ അവനെ കണ്ടില്ല. അവൻ സന്തോഷിച്ചുകൊണ്ടു തന്റെ വഴിക്കു പോയി (പ്രവൃത്തികൾ 8:37-39).

ഇനി എന്തെല്ലാമാണ് സുവിശേഷത്തിലെ കല്പനകൾ എന്നു നോക്കാം. ആദ്യമായി ഒരാൾ സുവിശേഷം കേൾക്കണം. രണ്ടാമതായി ഒരാൾ ദൈവത്തിലും, ദൈവപുത്രനായ ക്രിസ്തുവിലും വിശ്വസിക്കണം. മൂന്നാമതായി അയാൾ തന്റെ പാപങ്ങളിൽനിന്നു മാനസാന്തരപ്പെടണം. നാലാമതു, യേശു ദൈവപുത്രനാണെന്ന വിശ്വാസം മനുഷ്യരുടെ മുമ്പിൽ ഏറ്റു പറയണം. അഞ്ചാമതു, തന്റെ പാപമോചനത്തിനായി വെള്ളത്തിൽ സ്നാനം ഏല്ക്കണം. ഈ ചിന്തകൾ വെച്ച് ഒരാൾ സുവിശേഷം അനുസരിക്കുമ്പോൾ അയാൾ തന്റെ പാപസംബന്ധമായ ശരീരം മരിപ്പിക്കുന്നു. പാപങ്ങളിൽനിന്നു മാനസാന്തരപ്പെടുമ്പോൾ തന്റെ പാപസ്വഭാവത്തെയെല്ലാം വിട്ടുകളയുന്നു. വെള്ളമാകുന്ന കല്ലറയിൽ പാപശരീരം അടക്കം ചെയ്യുമ്പോൾ അതു ക്രിസ്തുവിന്റെ ശരീരം അടക്കം ചെയ്തതിനോടു സാദൃശ്യപ്പെടുന്നു. യോഹന്നാൻ 3:3-5 വരെയുള്ള വേദഭാഗത്ത് അതിനെ വെള്ളത്താലും ആത്മാവിനാലുമുള്ള ജനനം എന്നു പറഞ്ഞിരിക്കുന്നു. ദൈവരാജ്യത്തിലേക്ക് പ്രവേശിക്കുവാൻ വീണ്ടും ജനനം അനിവാര്യമാണ്. വീണ്ടും ജനിക്കുമ്പോഴാണ് ഒരാൾ ക്രിസ്തുവിലാകുന്നതു. അപ്പോഴാണ് ഒരാൾ പുതിയ സൃഷ്ടിയാകുന്നത്.

★

# വാഗ്ദാനത്തെ സൂക്ഷിക്കുക

## പാട്രിക് .ബി

ദൈവവാഗ്ദാനങ്ങൾ നിരവധിയുണ്ട്. ആ വാഗ്ദാനങ്ങളിൽ വിശ്വാസമുള്ളവർ അതിനായി പ്രവർത്തിക്കുകയും അതിനായി കാത്തിരിക്കുകയും ചെയ്യും. മാതാപിതാക്കൾ മക്കളോടു ചില വാഗ്ദാനം നടത്തും. വിവാഹസമയത്ത് ഭാര്യ ഭർത്താവിനോടും ഭർത്താവ് ഭാര്യയോടും ചില വാഗ്ദാനങ്ങൾ നടത്താറുണ്ട്. ആ വാഗ്ദാനങ്ങളിൽ ചിലതു പാലിക്കപ്പെടുകയും മറ്റു ചിലതു പാലിക്കപ്പെടാതിരിക്കുകയും ചെയ്യും. അതു മനുഷ്യ സ്വഭാവമാണ്. പക്ഷെ ദൈവവാഗ്ദാനങ്ങൾ മഹത്തായവയാണ്. അവയ്ക്കു തുല്യമായി മറ്റൊന്നില്ല. തന്നെയുമല്ല അവന്റെ വാഗ്ദാനങ്ങൾ ഉവ്വ് ഉവ്വ് എന്നും അല്ലെങ്കിൽ ഇല്ല ഇല്ല എന്നുമാണ്. ദൈവവും മനുഷ്യരുമായുള്ള ബന്ധം ശരിയായി പോകുവാനാണ് ദൈവം തന്റെ നിയമങ്ങൾ നല്കിയിരിക്കുന്നത്. ഇന്നു നിലവിലുള്ള പുതിയ നിയമത്തിലും വാഗ്ദാനങ്ങൾ അടങ്ങിയിട്ടുണ്ട്.

യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ പ്രസംഗിക്കുവാൻ വന്നു. പാപമോചനത്തിനുള്ള മാനസാന്തരസ്നാനമാണ് അവൻ പ്രസംഗിച്ചത്. അപ്പോൾ അവൻ പറഞ്ഞതു തന്റെ പിന്നാലെ വരുന്നവൻ പരിശുദ്ധാത്മാവുകൊണ്ടു സ്നാനം കഴിപ്പിക്കുമെന്നാണ്. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനുമുമ്പ് തന്റെ ശിഷ്യന്മാരോടു പരിശുദ്ധാത്മാവിനെ അവരിലേക്ക് അയക്കുമെന്നു വാഗ്ദാനം ചെയ്തിരുന്നു. പരിശുദ്ധാത്മാവു ശക്തിയോടെ അപ്പൊസ്തലന്മാരിൽ വന്നതിന്റെ ഫലമായി അവർക്ക് ദൈവത്തിന്റെ വൻകാര്യങ്ങൾ കൂടിവന്നവരുടെ ഭാഷകളിൽ സംസാരിക്കുവാനും അവർക്ക് അതു മനസിലാക്കുവാനും കഴിഞ്ഞു. എല്ലാവർക്കും ലഭ്യമാകുവാനിരിക്കുന്ന പരിശുദ്ധാത്മാവ് എന്ന ദാനം സകല ജനങ്ങൾക്കുമുള്ള വാഗ്ദാനമാണെന്നും അരുളിച്ചെയ്തിരിക്കുന്നു. ക്രിസ്തുവിലാകുന്നവരെ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ മുദ്രയിടുമെന്നു എഫേസ്യ ലേഖനത്തിൽ അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട്.

ബൈബിളിൽ ദൈവം തന്റെ വാഗ്ദാനങ്ങളെല്ലാം നിവർത്തിക്കുമെന്ന് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. നോഹയുടെ കാലത്ത് ജലപ്രളയം വരുമെന്നു ദൈവം വാഗ്ദാനം ചെയ്തു. ദൈവം നോഹ

യോടും കുടുംബത്തോടും പെട്ടകത്തിൽ കയറുവാൻ ആവശ്യപ്പെട്ടിരുന്നു. അവരെ രക്ഷിക്കുമെന്ന വാഗ്ദാനം ദൈവം പാലിച്ചു. മോശെ മുഖാന്തരം യിസ്രായേൽ ജനത്തോടു ദൈവം വാഗ്ദാനം ചെയ്തവയിൽ മുഖ്യമായതായിരുന്നു പാലും തേനും ഒഴുകുന്ന കനാൻ ദേശം. ദൈവം അവന്റെ നിബന്ധനകൾ അനുസരിച്ചവർക്ക് ദേശം കൈവശമാക്കുവാൻ അനുവാദം കൊടുത്തു. യോശുവയും ദാനിയേലും, ഏലിയാവും ദൈവം വാക്കു പാലിക്കുന്നവനാണെന്നു സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ദൈവം തന്നെ അനുസരിക്കുന്നവർക്ക് അവരിൽ വസിക്കേണ്ടതിന്നു പരിശുദ്ധാത്മാവിനെ നല്കുന്നതിലൂടെ ദൈവം തന്റെ വാക്ക് അനുസരിച്ച് വാഗ്ദാനം നിറവേറ്റുകയാണ് ചെയ്യുന്നത്.

അന്ത്യനാളിൽ ദൈവം നമ്മെ വീണ്ടെടുക്കുമെന്നതിന്റെ ഉറപ്പു കൂടെയാണ് അവൻ തരുന്ന പരിശുദ്ധാത്മാവ്. അവൻ നമ്മെ മുദ്രയിട്ടും ആത്മാവെന്ന അച്ചാരം നമ്മുടെ ഹൃദയങ്ങളിൽ തന്നുമിരിക്കുന്നു. രണ്ടു പേർ തമ്മിൽ ഒരു കരാറുണ്ടാക്കുമ്പോൾ അതിന്റെ ഉറപ്പിനായിട്ടാണ് അച്ചാരം നല്കുന്നത്. ദൈവത്തോടു അടുക്കുവാൻ അവൻ നല്കിയിരിക്കുന്ന വാഗ്ദാനങ്ങളിൽ നാം ഉറപ്പുള്ളവരാകണം. അന്ധമായി വിശ്വസിപ്പാനല്ല ദൈവം പറഞ്ഞിരിക്കുന്നത്. നമ്മിൽ ദൈവാത്മാവുണ്ടെങ്കിൽ ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന നിത്യാവകാശം സ്വർഗ്ഗത്തിൽ നമുക്ക് ഉണ്ട് (എബ്രായർ 9:15). ആ അവകാശം ആർക്കും എടുത്തുകളയാനാവാത്തതും വാട്ടവും മാലിന്യവുമില്ലാത്തതുമാണ് (1 പത്രൊസ് 1:3, 4). പക്ഷെ പല നിബന്ധനകളും അതിനിടയിൽ നാം പ്രമാണിക്കേണ്ടതാണ്. നമ്മിൽ തന്നിരിക്കുന്ന ആത്മാവിനെ നാം ദുഃഖിപ്പിക്കാതെ, ആത്മാവിനെ അനുസരിച്ച് ആത്മാവിനു കീഴ്പ്പെട്ട് മരണത്തോളം ജീവിക്കണമെന്നു മാത്രം. അതായതു ദൈവം തന്റെ വാഗ്ദാന നിവർത്തിക്കായി അവൻ ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. സകല മനുഷ്യർക്കുമായി ഒരുക്കിയ ആ പദ്ധതിയനുസരിച്ചാണ് നാം ദൈവത്തെ പ്രസാദിപ്പിക്കേണ്ടത്. വചനത്തിൽ വേരുന്നിയ ജീവിതമാണ് ഓരോരുത്തരിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത്.

✶

# യേശു പണിത സഭയുടെ പ്രാധാന്യം

## പെരി കോതം

പാറമേൽ പണിത ഒരു പട്ടണമായിരുന്നു കൈസര്യ ഫിലിപ്പിയ. അവിടെ വെച്ചാണ് യേശു തന്റെ ശിഷ്യന്മാരോട്, മനുഷ്യപുത്രനെ കുറിച്ചു മനുഷ്യർ എന്തു പറയുന്നു എന്നു ചോദിച്ചത് (മത്തായി 16:13). അതിനു പല ഉത്തരങ്ങളാണ് പറഞ്ഞു കേട്ടത്. അവൻ യോഹന്നാൻ സ്നാപകൻ മരിച്ചവരിൽനിന്നുയിർത്തവനാണെന്നു ചിലർ പറഞ്ഞു, വേറെ ചിലർ വിചാരിച്ചത് അവൻ ഏലിയാവായിരുന്നു എന്നാണ്; മറ്റുചിലർ കരുതിയത് അവൻ യിരെമ്യാവോ, അല്ലെങ്കിൽ പ്രവാചകന്മാരിൽ ഒരാളോ ആയിരിക്കാമെന്നാണ്. പിന്നെ അതേ ചോദ്യം ശിഷ്യന്മാരോടു ചോദിച്ചു: ഞാൻ ആരാണെന്നാണ് നിങ്ങൾ വിചാരിക്കുന്നത്? (മത്തായി 16:15). അതിനു പത്രൊസ് ഏറ്റവും മഹത്തായ ഒരു ഏറ്റുപറച്ചലാണ് നടത്തുന്നത്. നീ ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാകുന്നു. പല കാര്യങ്ങളാണ് അവനെ അങ്ങനെ പറയുവാൻ പ്രേരിപ്പിച്ചത്. യേശുവിന്റെ അത്ഭുതജീവിതം അവൻ അടുത്തു കണ്ടിരിക്കുന്നു. മറ്റ് അപ്പൊസ്തലന്മാർ ആരും തന്നെ അവന്റെ പ്രസ്താവനയെ എതിർത്തില്ല.

പത്രൊസിന്റെ വിശ്വാസം അവൻ ഏറ്റുപറഞ്ഞതിനുശേഷം യേശു പറയുന്നു: ബർയോനാ ശീമോനേ, നീ ഭാഗ്യവാൻ. ജഡരക്തങ്ങളല്ല നിനക്ക് ഇതു വെളിപ്പെടുത്തി തന്നത്, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ. നീ പത്രൊസ് ആകുന്നു. ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും. പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു. നീ ഭൂമിയിൽ കെട്ടുന്നതു സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതു സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും എന്നു പറഞ്ഞു (മത്തായി 16:17-19).

### സഭ കണ്ടെത്തിയതു ക്രിസ്തുവാണ്

യേശുക്രിസ്തു തന്നെയാണ് പുതിയനിയമ സഭ സ്ഥാപിച്ചത് എന്ന വസ്തുത സുപ്രധാനമാണ്. “ഞാൻ എന്റെ സഭ പണിയും” എന്നു കർത്താവ് തന്റെ അപ്പൊസ്തലന്മാരോട് പറഞ്ഞു. ക്രിസ്തു സ്ഥാപിച്ച സഭ ദൈവികസ്ഥാപനമാണ്. അതിന്റെ വിശ്വാസം, സംഘ

ടിപ്പിക്കൽ, ആരാധന, ഐക്യത, അംഗത്വനിബന്ധന എല്ലാം അവൻ കല്പിച്ചതുപോലെ തന്നെ ആയിരിക്കണം. ഈ കാര്യങ്ങളിൽ സഭ പൂർണ്ണമാണ്. അതുകൊണ്ട് അതിനെ മോടി പിടിപ്പിക്കേണ്ടതില്ല. അതുകൊണ്ട് ദൈവാധികാരമുള്ള ഏക വ്യക്തിയായ യേശുക്രിസ്തു സ്ഥാപിച്ച സഭ പുതിയ നിയമത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. വേറെ ആർക്കും സഭ സ്ഥാപിപ്പാൻ അധികാരമോ അവകാശമോ ഇല്ല. തന്നെയുമല്ല, ശരിയായ ദൈവിക സഭയുള്ളപ്പോൾ മറ്റൊരു സഭയുടെ ആവശ്യവുമില്ല.

ക്രിസ്തു സഭ പണിയുമെന്നു പറഞ്ഞപ്പോൾ അതു തന്റേതായിരിക്കുമെന്നാണ് കർത്താവു പറഞ്ഞത്. “ഞാൻ എന്റെ സഭ പണിയും” അപ്പോൾ ക്രിസ്തുവിന്റേതാണ്, ക്രിസ്തുവിനുള്ളതാണ് സഭ. കാരണം അതു പണിതത് അവനാണ്. അവൻ തന്റെ സ്വന്ത രക്തം കൊടുത്തു സമ്പാദിച്ചതാണ് സഭ (പ്രവൃത്തികൾ 20:28; എഫെസ്യർ 5:25-27). കർത്താവിന്റെ സഭയുടെ വിവിധ ഇടവകകളെക്കുറിച്ചു പൗലൊസ് “ക്രിസ്തുവിന്റെ സകല സഭകളും” എന്ന് ഉപയോഗിച്ചിട്ടുണ്ട് (റോമർ 16:16). ക്രിസ്തുവിന്റെ സഭ എന്നതു ഒരു പേരല്ല. സഭ ക്രിസ്തുവിന്റെ ആണെന്നു കാണിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ബൈബിളിൽ സഭയെ പറഞ്ഞിരിക്കുന്ന വിവരണങ്ങളെല്ലാം സഭയുടെ ബന്ധത്തെയോ ഉടമസ്ഥാവകാശത്തെയോ സൂചിപ്പിക്കുന്നതാണ്.

### രക്ഷിക്കപ്പെട്ടവരുടെ സംഘമാണ് സഭ

സഭ എന്ന സ്ഥാപനത്തിന്റെ ലോകവുമായുള്ള കാഴ്ച്ചപ്പാടിൽ എവിടെയാണ് നില്ക്കുന്നതെന്നു ആ വാക്കിന്റെ അർത്ഥം വ്യക്തമാക്കുന്നുണ്ട്. സഭ എന്നാൽ വിളിച്ചു വേർതിരിക്കുന്നവരുടെ കൂട്ടമാണ്. ലോകത്തിൽ നിന്നാണ് ആളുകളെ സുവിശേഷത്താൽ വിളിച്ചു വേർതിരിക്കുന്നത്. അവരുടെ നടുവിൽ നിന്നു വേർപെട്ടിരിപ്പിൻ എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. ജീവിതമാണ് വേർപെട്ടിരിക്കേണ്ട്. സഭ ലോകത്തിലാണ്, പക്ഷെ ലോകവുമായി അതിനു ബന്ധമില്ല. ക്രിസ്തു സഭക്കു കൊടുത്തിരിക്കുന്ന മാതൃകയാണ് സഭ പിൻപറ്റേണ്ടത്. സഭ ലോകപ്രകാരമുള്ള ഒരു സംഘടനയല്ല. സഭ ആത്മികമാണ്. ഒരു ശരീരം പോലെയാണ് സഭ പ്രവർത്തിക്കുന്നത്. തലക്ക് കീഴ്പ്പെട്ട് ശരീരത്തിലെ ഓരോ അവയവും പ്രവർത്തിക്കു

ന്നതുപോലെയാണ് സഭയും പ്രവർത്തിക്കേണ്ടത്. സഭയുടെ ഭരണവുമായുള്ള ബന്ധത്തിൽ യേശു രാജാവും സഭ പ്രജകളുമാണ്. സഭയിലേക്ക് പ്രവേശിക്കുന്നതോടെ ദൈവരാജ്യത്തിലേക്കും പ്രവേശിക്കുകയാണ് ഓരോരുത്തരും. കാരണം രാജ്യവും സഭയും ഒരേ സ്ഥാപനമാണ്.

കുടുംബവുമായുള്ള ബന്ധത്തിൽ സഭയെ നോക്കിയാൽ അത് ഒരു ഭവനമാണ്. ദൈവം നമ്മുടെ പിതാവും കർത്താവു നമ്മുടെ ജ്യേഷ്ഠ സഹോദരനും നാം എല്ലാം മക്കളുമാണ്. അതിനാൽ സഭ എന്നതു ദൈവത്തിന്റെ ആത്മിയ കുടുംബമാണ് (1 തിമൊഥെയോസ് 3:15; റോമർ 8:14–17). ഇനി ദൈവത്തെ ആരാധിക്കുന്നതുമായുള്ള കാഴ്ച്ചപ്പാടിൽ സഭ ദൈവത്തിന്റെ ആലയമാണ്. ഓരോ ശരീരത്തിലും ദൈവം വസിക്കുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവു വസിക്കുന്ന മന്ദിരങ്ങളാണ് നമ്മുടെ ശരീരങ്ങൾ (1 കൊരിന്ത്യർ 3:16, 17; 2 കൊരിന്ത്യർ 6:16). സഭ എന്നതു ഭൗതികമായ ഒരു കെട്ടിടമല്ല. അതു ദൈവത്തിനു വേണ്ടിയുള്ള ആത്മിയ മന്ദിരമാണ്. സഭ എന്ന വാക്ക് പുതിയനിയമത്തിൽ ഒരിക്കലും ഭൗതിക കെട്ടിടത്തിനു ഉപയോഗിച്ചിട്ടില്ല. ക്രിസ്തുവുമായുള്ള ബന്ധത്തിൽ സഭ അവന്റെ മണവാട്ടിയാണ്. നാം അവന്നു വിവാഹം നിശ്ചയിച്ചിരിക്കുന്ന കന്യകമാരാണ്. മണവാളൻ വീണ്ടും വരുമ്പോഴാണ് വിവാഹം നടക്കുന്നത്. അതുകൊണ്ടാണ് വ്യക്തികൾ അവന്റെ നാമം ധരിക്കുന്നത് (എഫെസ്യർ 5:23 32; പ്രവൃത്തികൾ 11:26–28).

★

# ആദ്യ നുണ; പക്ഷെ അവസാനത്തേതുമല്ല

## A.L ഫ്രാങ്ക്സ്

ലോകത്തിന്റെ ഏറ്റവും വലിയ അനുഗ്രഹമാണ് "വാസ്തവത്തിലുള്ള ക്രിസ്ത്യാനിത്വം." അതു ക്രിസ്തു ആകുന്ന യേശുവിനെ കേന്ദ്രീകരിച്ചുള്ളതാണ്. പ്രാരംഭത്തിൽ യേശു മരിച്ചവരിൽനിന്നുയർത്തെഴുന്നേറ്റു എന്ന വിശ്വാസത്തിൽ അധിഷ്ഠിതമാണ്. അപ്പൊസ്തലനായ പൗലൊസ് അതിനെ കുറിച്ചു പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക: "ജഡം സംബന്ധിച്ചു ദാവീദിന്റെ സന്തതിയിൽ നിന്നു ജനിക്കയും മരിച്ചിട്ടു ഉയിർത്തെഴുന്നേല്ക്കയാൽ വിശുദ്ധിയുടെ

ആത്മാവു സംബന്ധിച്ച് ദൈവപുത്രൻ എന്നു ശക്തിയോടെ നിർണ്ണയിക്കപ്പെടുകയും ചെയ്തിരിക്കുന്നവനാലല്ലോ സകല ജാതികളുടേയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിനു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത് (റോമർ 1:4). യേശു ഉയിർത്തെഴുന്നേറ്റില്ലെങ്കിൽ അവൻ എന്നേക്കും ജീവിക്കുന്നില്ല. അങ്ങനെയാണെങ്കിൽ ക്രിസ്ത്യാനിത്വത്തിനു യാതൊരു വിലയുമില്ലാതാകും. പക്ഷെ ക്രിസ്തുവിന്റെ ഉയിർപ്പ് ആർക്കും നിഷേധിക്കുവാൻ കഴിയാത്ത യാഥാർത്ഥ്യമാകയാൽ ക്രിസ്ത്യാനിത്വത്തിനു നിത്യ വിലയുണ്ടാകുന്നു.

ദൈവശ്വാസിയനായ അപ്പൊസ്തലൻ ചില യാഥാർത്ഥ്യങ്ങൾ അസന്നിഗ്ദ്ധമായി പ്രസ്താവിച്ചിരിക്കുന്നു. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം, നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. അങ്ങനെയാകുമ്പോൾ സുവിശേഷപ്രാസംഗികർ കള്ളസാക്ഷികളായി മാറും. മാത്രവുമല്ല വിശ്വാസികൾ അവരുടെ പാപങ്ങളിൽ തന്നെ ആയിരിക്കും. കാരണം ക്രിസ്തുവിന്റെ യാഗത്താലാണ് പാപങ്ങൾക്ക് പരിഹാരം വരുത്തിയത്. ക്രിസ്തുവിൽ നിദ്രകൊണ്ടവർക്കും പ്രത്യാശയില്ലല്ലൊ എന്നാണ് അപ്പൊസ്തലൻ വ്യക്തമാക്കുന്നത് (1 കൊരിന്ത്യർ 15:14-19). യേശുവിന്റെ ഉയിർത്തെഴുന്നേല്പിന്റെ സത്യം ആവർത്തിച്ചാവർത്തിച്ചു തിരുവെഴുത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. നാലു സുവിശേഷ എഴുത്തുകാരും യേശുവിന്റെ ഉയിർത്തെഴുന്നേല്പു വിശദമായി വിവരിച്ചിരിക്കുന്നു.

മത്തായിയുടെ സുവിശേഷവിവരണത്തിൽ ചില സ്ത്രീകളോടു ദൂതൻ പറഞ്ഞതു രേഖപ്പെടുത്തിയിരിക്കുന്നു: "ഭയപ്പെടേണ്ട, ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു എന്നു ഞാൻ അറിയുന്നു; അവൻ ഇവിടെയില്ല, താൻ പറഞ്ഞതുപോലെ ഉയർത്തെഴുന്നേറ്റിരിക്കുന്നു, അവൻ കിടന്ന സ്ഥലം കാൺമീൻ"(മത്തായി 28:5,6). മർക്കൊസിന്റെ വിവരണ രേഖ ഇപ്രകാരമാണ്: "ഭ്രമിക്കേണ്ട, ക്രൂശിക്കപ്പെട്ട നസ്റായനായ യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു. അവൻ ഉയിർത്തെഴുന്നേറ്റു. അവൻ ഇവിടെ ഇല്ല. അവനെ വെച്ച സ്ഥലം ഇതാ" (മർക്കൊസ് 16:6). ഞായറാഴ്ച്ച പ്രഭാതത്തിൽ കല്ലറക്കൽ വന്നവരുടെ വിവരണത്തിൽ ലൂക്കൊസ് പറയുന്നത്, "ജീവനുള്ളവനെ നിങ്ങൾ മരിച്ചവരുടെ ഇടയിൽ അന്വേഷിക്കുന്നതെന്ത്?

അവൻ ഇവിടെയില്ല. അവൻ ഉയിർത്തെഴുന്നേറ്റു (ലൂക്കൊസ് 24:5,6). പത്രൊസും യേശു സ്നേഹിച്ച ശിഷ്യനും മറ്റു ശിഷ്യന്മാരും ശൂന്യമായ കല്ലറ കണ്ടതായി യോഹന്നാൻ വിശദമാക്കിയിട്ടുണ്ട്.

യേശുക്രിസ്തുവിനെ മാറ്റി നിർത്തിയാൽ ക്രിസ്ത്യാനിത്വം തന്നെ ഇല്ലാതാകും. കാരണം ക്രിസ്ത്യാനിത്വത്തിന്റെ നട്ടെല്ല് ക്രിസ്തുവാണ്. ക്രിസ്തുവിൻ വഴി പിൻപറ്റുന്നവരാണ് ക്രിസ്ത്യാനികൾ. ആ വഴി തയ്യാറാക്കിയത് കർത്താവാണ്. ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്നു അസന്നിഗ്ദ്ധമായി പ്രസ്താവിച്ചതു ക്രിസ്തു മാത്രമാണ്. അവൻ മുഖാന്തരമല്ലാതെ ആർക്കും പിതാവിന്റെ അടുക്കൽ പ്രവേശിപ്പാനും സാധ്യമല്ല. മരിച്ചവരിൽ നിന്ന് ആദ്യമായി എഴുന്നേറ്റ് മനുഷ്യർക്ക് പുനരുത്ഥാനം വാഗ്ദാനം ചെയ്തിരിക്കയാണ്.

ക്രിസ്തു ജീവിക്കുന്നതായി ധാരാളം തെളിവുകൾ പുതിയനിയമ പുസ്തകങ്ങളിലെല്ലാം നല്കിയിട്ടുണ്ട്. അവൻ മരിച്ചവനായിരുന്നു. എന്നാൽ വീണ്ടും മരിക്കാതവണ്ണം ജീവിച്ചിരിക്കുന്നു എന്ന വസ്തുത സ്ഥിരീകരിക്കയുണ്ടായി. പുതിയനിയമത്തിലുടനീളം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ നേരിട്ടു കണ്ട നൂറുകണക്കിനു സാക്ഷികളുടെ സാക്ഷ്യങ്ങളെ നിരത്തിയിരിക്കുന്നു (1 കൊരിന്ത്യർ 15). യൂദാക്കു പകരം ഒരു അപ്പൊസ്തലനെ തിരഞ്ഞെടുക്കേണ്ട സാഹചര്യം വന്നപ്പോൾ അവൻ മറ്റു അപ്പൊസ്തലന്മാരെ പോലെ യേശുവിന്റെ ജീവിതത്തിനും മരണത്തിനും ഉയിർപ്പിനും ദൃക്സാക്ഷിയായിരിക്കണം എന്നു പരിശുദ്ധാത്മാവ് അവർക്ക് അരുളപ്പാട് കൊടുത്തു. അതനുസരിച്ചാണ് അവർ മത്ഥിയാസിനെ അപ്പൊസ്തലനായി തിരഞ്ഞെടുത്തത്. പിന്നീട് അവസാനമായി ശൗലിനു കർത്താവു പ്രത്യക്ഷനായ ശേഷമാണ് അവനെ അപ്പൊസ്തലനാക്കി തീർത്തത്. അഞ്ഞൂറിലധികം പേർക്ക് ഉയിർത്തെഴുന്നേറ്റ കർത്താവു പ്രത്യക്ഷനായി താൻ ജീവനോടെ ഇരിക്കുന്നു എന്നു തെളിയിക്കയുണ്ടായി.

ആദ്യം യെരുശലേമിലും, പിന്നെ യെഹൂദ്യ, ശമര്യ എന്നിവിടങ്ങളിലും, ഭൂമിയുടെ അറ്റത്തോളവും സുവിശേഷം പ്രസംഗിച്ചപ്പോൾ അതിന്റെ ശക്തി വിശ്വസിച്ചവരിൽ അത് അനുസരണമായി പരിണമിച്ചു. അങ്ങനെ ക്രിസ്ത്യാനിത്വം ധ്രുതഗതിയിൽ ലോകമെങ്ങും വ്യാപിക്കയുണ്ടായി (പ്രവൃത്തികൾ 1:8). സുവിശേഷം ലോകത്തിൽ

സൃഷ്ടികളുടെ അടുക്കലും എത്തിയതായി പൗലൊസ് രേഖപ്പെടുത്തിയിരിക്കുന്നു (കൊലൊസ്യർ 1:23).

യേശുക്രിസ്തുവിനെക്കുറിച്ചു പ്രസംഗിക്കുക എന്നാൽ ക്രിസ്തുവിന്റെ ഉയിർപ്പിനെക്കുറിച്ചു പ്രസംഗിക്കുക എന്നാണ്. ആരംഭം മുതൽ ക്രൂശിനു എന്തുകൊണ്ട് ശത്രുക്കളുണ്ടാകുന്നു എന്നു നമുക്ക് മനസിലാകുന്നു. ക്രിസ്ത്യാനിത്വത്തിന്റെ ശക്തി ഉയിർത്തെഴുന്നേറ്റ ക്രിസ്തുവാണ്. അവൻ ഇന്നും ജീവിച്ചിരിക്കുന്നു. അങ്ങനെ അവൻ തന്നെ അനുസരിക്കുന്നവരുടെ രക്ഷകനായിരിക്കുന്നു. നമ്മുടെ കർത്താവു സുവിശേഷം അനുസരിക്കുന്നവരോടുകൂടെ എന്നേക്കുമുണ്ടാകുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. അവൻ വീണ്ടും വന്നു നമ്മെ ചേർത്തുകൊള്ളാമെന്നു ഉറപ്പു നല്കിയിട്ടുണ്ട്.

✶

# ഒരിക്കൽ എന്നേക്കുമായി ഭരമേല്പിച്ച വിശ്വാസം

## ജോണി രാംസെ

“പ്രിയരേ, നമുക്ക് പൊതുവിലുള്ള രക്ഷയെ കുറിച്ച് നിങ്ങൾക്ക് എഴുതുവാൻ സകല പ്രയത്നവും ചെയ്കയിൽ വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിന്നു വേണ്ടി പോരാടേണ്ടതിന്നു പ്രബോധിപ്പിച്ചെഴുതുവാൻ ആവശ്യമെന്നു എനിക്ക് തോന്നി” (യൂദ 3).

“അങ്ങനെയായാൽ ലോക സ്ഥാപനം മുതല്ക്കേ അവൻ പലപ്പോഴും കഷ്ടം അനുഭവിക്കേണ്ടിയിരുന്നു. എന്നാൽ അവൻ ലോകാവസാനത്തിൽ സ്വന്ത യാഗംകൊണ്ട് പാപപരിഹാരം വരുത്തുവാൻ ഒരിക്കൽ പ്രത്യക്ഷനായി (എബ്രായർ 9:26–28). അതുപോലെ വിശ്വാസ വ്യവസ്ഥയും മനുഷ്യരുടെ വീണ്ടെടുപ്പിനായി ഏല്പിച്ചു തന്നിരിക്കുകയാണ്. മറ്റൊരു രക്ഷകനോ, മറ്റൊരു വെളിപ്പാടോ നമുക്ക് ആവശ്യമില്ല. യേശുവിനെക്കുറിച്ചു അപ്പൊസ്തലനായ പൗലൊസ് എഴുതിയിരിക്കുന്നു, “അവനിലല്ലൊ ദൈവത്തിന്റെ സർവ്വ സമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്. എല്ലാ വാഴ്ച്ചക്കും

അധികാരത്തിനും തലയായ അവനിൽ നിങ്ങൾ പരിപൂർണ്ണരായിരിക്കുന്നു (കൊലൊസ്യർ 2:9, 10). ഒന്നാം നൂറ്റാണ്ടിൽ പ്രസംഗിച്ചതും ആളുകൾ അനുസരിച്ചതുമായ അതേ സുവിശേഷമാണ് നമുക്ക് ഇന്നു ആവശ്യം. "സുവിശേഷത്തെ കുറിച്ച് എനിക്ക് ലജ്ജയില്ല. അതു വിശ്വസിക്കുന്ന ഏവർക്കും നിത്യരക്ഷക്കുള്ള ദൈവശക്തിയാകുന്നു"(റോമർ 1:16). യേശുക്രിസ്തുവിന്റെ രക്തത്താൽ മുദ്രയിട്ടിരിക്കുന്ന എന്നേക്കുമുള്ള നിയമമാണ് പുതിയനിയമം(മത്തായി 26:28; എബ്രായർ 13:20), ലോകാവസാനം വരെ നിലനില്ക്കുന്ന ഒരു നിയമമാണ് യേശു തന്റെ രക്തത്താൽ ഉറപ്പിച്ചിരിക്കുന്നത്. "സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും യേശുവിനു നല്കപ്പെട്ടതുകൊണ്ടാണ് സുവിശേഷം സർവ്വജാതികൾക്കുമായി പ്രസംഗിക്കുവാൻ കല്പിച്ചത്" (മത്തായി 28:18-20).

## വിശ്വാസത്തിന്റെ അനുസരണം

എല്ലാ മനുഷ്യരും അനുസരിക്കേണ്ട വിശ്വാസ വ്യവസ്ഥയാണ് സുവിശേഷം എന്നു പുതിയനിയമത്തിലെ അസംഖ്യം വേദഭാഗങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ട്. പഴയനിയമ കാലത്തും പുതിയനിയമകാലത്തും വിശ്വാസങ്ങൾ എങ്ങനെയായിരുന്നു എന്നു തിരുവെഴുത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്പൊസ്തലന്മാരെ എല്ലാവരെയും ദൈവം അപ്രകാരം ആക്കിയതിന്റെ ഉദ്ദേശം പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട്. "ഞങ്ങൾ അവന്റെ നാമത്തിന്നായി സകലജാതികളുടേയും ഇടയിൽ വിശ്വാസത്തിനു അനുസരണം വരുത്തേണ്ടതിന്നു കൃപയും അപ്പൊസ്തലത്വവും പ്രാപിച്ചത്" (റോമർ 1:6). ദൈവം അതിന്നായി എന്തു ചെയ്തിരിക്കുന്നു എന്ന് അപ്പൊസ്തലനായിരുന്ന പത്രൊസ് എഴുതിയിരിക്കുന്നു: "തന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്താൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയതു ഒക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നു" (2 പത്രൊസ് 1:3). സുവിശേഷം അനുസരിക്കുന്നതിന്റെ പ്രാധാന്യം അപ്പൊസ്തലനായ പൗലൊസ് തെസ്സലൊനിക്യർക്ക് ലേഖനം എഴുതുമ്പോൾ തുറന്നു പറഞ്ഞിരിക്കുന്നു (2 തെസ്സലൊനിക്യർ 1:7).

വരുവാനിരുന്ന നിയമകർത്താവിനെ കുറിച്ചു പ്രവാചകൻ മുഖാന്തരം ദൈവം അരുളിച്ചെയ്തതു നോക്കുക: "എനിക്ക് മുമ്പായി

വഴി ഒരുക്കേണ്ടതിന്നു ഞാൻ എന്റെ ദൂതനെ അയക്കുന്നു. നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നിങ്ങൾ ഇഷ്ടപ്പെടുന്ന നിയമദൂതനുമായവൻ പെട്ടെന്നു തന്റെ മന്ദിരത്തിലേക്ക് വരും. ഇതാ അവൻ വരുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു" (മലാഖി 3:1). യിരെമ്യാ പ്രവാചകനും വരുവാനിരുന്ന നിയമത്തെ കുറിച്ച് പ്രവചിച്ചത്, "ഞാൻ അവർക്ക് പുതിയോരു നിയമം ചെയ്യാനുള്ള കാലം വരുന്നു. അതു പഴയ നിയമം പോലെ ആയിരിക്കയില്ല. പുതിയ നിയമം ജനത്തിന്റെ ഹൃദയങ്ങളിലും മനസുകളിലും എഴുതും" (യിരെമ്യാവ് 31:31). മശിഹ പ്രവചനപ്രകാരം വന്നു ജനങ്ങൾക്കിടയിൽ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു താൻ ദൈവപുത്രനാണെന്നു തെളിയിച്ചു (യോഹന്നാൻ 20:30, 31).

യേശു സ്ഥാപിച്ച പുതിയനിയമം കർത്താവു വീണ്ടും വരുന്നതുവരെ പ്രാബല്യത്തിലിരിക്കും. അവൻ വീണ്ടും വരുന്നതു ന്യായവിധിക്കാണ്. അന്നു ലോകാവസാനവും സംഭവിക്കും(യോഹന്നാൻ 5:22). യേശു നമ്മുടെ പാപങ്ങൾക്കുവേണ്ടി വീണ്ടും വന്നു മരിക്കയില്ല. അവൻ അതു ഒരിക്കലായി രണ്ടായിരത്തിലധികം വർഷങ്ങൾക്കു മുൻപു നിർവ്വഹിച്ചു (എബ്രായർ 9:26). അവൻ വീണ്ടും വന്നു മറ്റൊരു നിയമമോ പുതിയ വിശ്വാസ വ്യവസ്ഥയോ നൽകുകയില്ല. നാം ക്രിസ്തുവിലും അവന്റെ സുവിശേഷത്തിലും പരിപൂർണ്ണരാകുന്നു. ദൈവം വെളിപ്പെടുത്തിയിരിക്കുന്നതു വിശ്വസിക്കാത്തവരാണ് മൂഢന്മാർ.

എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകലസൽപ്രവൃത്തിയിലും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിന്നു ഉപദേശത്തിനും ശാസനത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു (2 തിമൊഥെയൊസ് 3:16, 17). നമ്മെ പൂർണ്ണമായും ആത്മിയരാക്കുവാൻ മതിയായതായിരുന്നു ഒന്നാം നൂറ്റാണ്ടിൽ അപ്പൊസ്തലന്മാരിൽ കൂടെ വെളിപ്പെടുത്തിയിരിക്കുന്ന സന്ദേശം. ഒരിക്കലായി ഭരമേൽപിച്ചു കിട്ടിയ വിശ്വാസമാണ് സകലമനുഷ്യർക്കും വേണ്ടത്. അതല്ലാതെ മറ്റൊന്നല്ല. അതു നാം അങ്ങനെ തന്നെ കൈക്കൊള്ളുകയാണ് ചെയ്യേണ്ടത്.

ദൈവം എല്ലാം വെളിപ്പെടുത്തിയിരിക്കയാൽ മറ്റൊരു വെളിപ്പാടിന്റെ ആവശ്യം നമുക്ക് ഇല്ല. ആരെങ്കിലും അങ്ങനെ പഠിപ്പിക്കുന്നു

ണ്ടെങ്കിൽ അതു വചന വിരുദ്ധമാണ്. അപ്പൊസ്തലൻ യാതൊരു സംശയത്തിനുമിടയില്ലാത്ത വിധത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധിക്കുക: "ക്രിസ്തുവിന്റെ കൃപയാൽ നിങ്ങളെ വിളിച്ചവനെ വിട്ടു നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ടു ഞാൻ ആശ്ചര്യപ്പെടുന്നു. അതു വേറൊരു സുവിശേഷം എന്നല്ല, ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചു കളവാൻ ഇച്ഛിക്കുന്നു എന്നത്രേ'' (ഗലാത്യർ 1:6-8). ഒരിക്കൽ പ്രസംഗിച്ചതും ദൈവശ്വാസിയമായി ഉറപ്പിച്ചു രേഖപ്പെടുത്തിക്കഴിഞ്ഞ ശേഷം ഇനി അപ്പൊസ്തലന്മാരോ ദൈവദൂതന്മാർ തന്നെയോ വേറൊരു സുവിശേഷം പ്രസംഗിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ എന്നാണ് അപ്പൊസ്തലൻ മുന്നറിയിച്ചിരിക്കുന്നത്.

രണ്ടായിരത്തിലധികം വർഷങ്ങൾക്ക് മുൻപു നല്കിയതായ ഏക വിശ്വാസമാണ് ഇന്നും മനുഷ്യർക്ക് ആവശ്യം. അതിനു മാറ്റം വരുത്തരുത് എന്നു ദൈവം അരുളിച്ചെയ്തിരിക്കുന്നു. അന്ത്യകാലത്ത് എന്നേക്കുമായി നൽകിയിരിക്കുന്ന വിശ്വാസ വ്യവസ്ഥയെ നാം എല്ലാവരും അങ്ങനെ തന്നെ സ്വീകരിക്കണം. ദൈവവ്യവസ്ഥയോടു മറുക്കുന്നവൻ ദൈവത്തോടു തന്നെയാണ് എതിർക്കുന്നത്.

## ചിലർ വിശ്വാസത്തെ എതിർക്കുന്നുണ്ട്

അപ്പൊസ്തലനായിരുന്ന പൗലൊസ് ശൗലായിരുന്നപ്പോൾ അവൻ ക്രിസ്ത്യാനികളെ ഉപദ്രവിച്ചു പോന്നു. അവന്റെ എഴുത്തിൽ അവൻ അതു വ്യക്തമാക്കിയിട്ടുമുണ്ട്: "മുമ്പെ നമ്മെ ഉപദ്രവിച്ചവൻ താൻ മുമ്പെ മുടിച്ച വിശ്വാസത്തെ ഇപ്പോൾ പ്രസംഗിക്കുന്നു എന്നു മാത്രം അവർ കേട്ടു എന്നെ ചൊല്ലി ദൈവത്തെ മഹത്വപ്പെടുത്തി" (ഗലാത്യർ 1:23). വിശ്വാസത്തെ പ്രസംഗിച്ച അതേ അപ്പൊസ്തലൻ തിമൊഥെയൊസിന്നു എഴുതി, "എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്ക്ക് പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്ന് ആത്മാവു തെളിവായി പറയുന്നു"(1 തിമൊഥെയൊസ് 4:1). അപ്പോൾ വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതു ആവശ്യമാണ്.

✶

# ഒരു പുതുജീവൻ

## പി.വി. വിൽമെത്ത്

ക്രിസ്തീയ യുഗത്തിൽ പുതുമയുള്ള ചില കാര്യങ്ങളെ ഓർമ്മിപ്പിക്കുന്നതു നല്ലതാണ്. "ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടിയാകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു" (2 കൊരിന്ത്യർ 5:17). ഒരാൾ യഥാർത്ഥ ക്രിസ്ത്യാനിയായി തീരുന്നതു പഴയതിൽ നിന്നു മാറുമ്പോഴാണ്. പഴയ പാപ ലോകത്തിൽ നിന്നു യേശുക്രിസ്തുവിലേക്കു തിരിയുമ്പോഴാണ് അതു സംഭവിക്കുന്നത്. അപ്പോൾ വാസ്തവമായും ഒരു പുതിയ ജനനം നടക്കുകയാണ്. പുതിയ നിയമത്തിൽ തന്നെ ഇതിനെ പുനർ ജനനം എന്നും വീണ്ടും ജനനം എന്നും പറഞ്ഞിട്ടുണ്ട്. പുതുതായി ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ ആർക്കും കഴിയുകയില്ല എന്നു യേശുക്രിസ്തു പറഞ്ഞിട്ടുണ്ട് (യോഹന്നാൻ 3:3 -5). ക്രിസ്തുവിനു പുറത്തു അസാദ്ധ്യമായ പുതിയ ജീവിതത്തിന്റെ വിവിധ വശങ്ങളെ നമുക്കൊന്നു പരിഗണിക്കാം. ക്രിസ്തുവിൽ ഉള്ള ജീവിതമാണ് പുതിയ ജീവിതം. പുതിയ സൃഷ്ടിയായി ജീവിക്കാൻ ക്രിസ്തുവിലാകാത്തവർക്കു കഴിയുകയില്ല.

### ഒരു പുതിയ പിതാവ്

ദൈവത്തെ പിതാവായി തിരിച്ചറിയാവുന്ന പ്രത്യേകതയുള്ള ഒന്നാണ് ക്രിസ്ത്യാനിത്വം. പഴയ നിയമത്തിൽ ദൈവത്തെ പിതാവായി രേഖപ്പെടുത്തിയിട്ടുണ്ട്. പുതിയ നിയമ എഴുത്തുകാരും ദൈവത്തെ പിതാവായി നമുക്കു കാണിച്ചു തന്നിട്ടുണ്ട്. മുൻപുണ്ടായിരുന്ന പല വിചാരങ്ങളെയും മാറ്റുവാൻ യേശുവിന്റെ വരവു സഹായിച്ചിട്ടുണ്ട്. യെഹൂദന്മാർക്കു പുറത്തുള്ളവർ ജാതികളായിരുന്നു അല്ലെങ്കിൽ നായ്ക്കൾ ആയിരുന്നു. അതുകൊണ്ടു അവരുമായി സംസർഗ്ഗം പുലർത്തുവാൻ അവർ തയ്യാറായില്ല. യവനന്മാർക്കു പുറത്തുള്ളവർ ബർബ്ബരന്മാർ ആയിരുന്നു. പൗലൊസ് അരയോപക മദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞതു: ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽ നിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു കാലങ്ങളും അതിരുകളും നിശ്ചയിച്ചു.

ക്രിസ്ത്യാനികളായി തീരുന്നതോടെ അവരുടെ ശരീരം ദൈവത്തിന്റെ മന്ദിരമായി മാറുകയാണ്. ദൈവം പറഞ്ഞതു: ഞാൻ അവരിൽ വസിക്കയും അവരുടെ ഇടയിൽ നടക്കയും ചെയ്യും. ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും ആകും. അതുകൊണ്ടു ക്രിസ്തുവിലായി തീരുന്നവർ ലോകക്കാരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിക്കുവാൻ കല്പിച്ചിരിക്കുന്നു. അശുദ്ധമായതു ഒന്നും തൊടരുത്; എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും (2 കൊരിന്ത്യർ 6:16–17).

## ഒരു പുതിയ കുടുംബം

ആത്മിയമായി ഒരാൾ ക്രിസ്തുവിലാകുമ്പോൾ പുതിയൊരു പിതാവു ലഭിക്കുന്നതോടെ തനിക്കു ഒരു പുതിയ കുടുംബ ബന്ധം ലഭിക്കുന്നു. അതായതു മറ്റൊരു ഭവനത്തിലേക്കു അവൻ അല്ലെങ്കിൽ അവൾ മാറുന്നു. കർത്താവിൽ അപ്പോൾ മുതൽ ധാരാളം സഹോദരീ സഹോദരന്മാർ ഉണ്ടാകുന്നു. തികവുള്ള ക്രിസ്തുവിന്റെ സ്നേഹത്താൽ ബന്ധിക്കപ്പെടുന്നു. ക്രിസ്തു നമ്മുടെ മൂത്ത സഹോദരനാണ്. പാപലോകത്തിൽ ഉണ്ടായിരുന്ന രക്തബന്ധത്തെക്കാൾ ശക്തമായ ഒരു കൂട്ടായ്മ അനുഭവിക്കാൻ കഴിയുന്നു എന്നതു മഹനീയമാണ്. മുഴുവനായും പുതുമയുള്ള ഒരു സൗഹൃദമാണ് കർത്താവിൽ ആകുന്നവർക്കു ഉണ്ടാകുന്നത്. ദൈവഭക്തരുമായുള്ള കൂട്ടായ്മ ധനികവും ശ്രേഷ്ഠവും തികവുമുള്ളതാണ്. നാം കണ്ടുമുട്ടുന്നവരിൽ ഒരു ഭാഗമായി തീരുകയാണ്. മോശമായ കൂട്ടുകെട്ട് ധാർമ്മികതയെ നശിപ്പിക്കുന്നു എന്ന തത്വം നമുക്കു ഇവിടെ തിരിച്ചറിയാം. ദുഷ്ടതയെ വെറുക്കുന്ന മനോഭാവം ഈ ബന്ധത്തിലാണ് നമുക്ക് അനുഭവപ്പെടുന്നത്. ഒരിക്കൽ ദുഷ്പ്രവർത്തിക്കാരോടു ചേർന്നു ജീവിച്ചവർ ക്രിസ്തുവിൽ ആകുമ്പോൾ അവർക്കു ക്രിസ്തു എല്ലാറ്റിലും മീതെയുള്ളവനായി തീരുന്നു.

## ഒരു പുതിയ വേല

ഒരു ദൈവ മകനെ സൃഷ്ടിക്കുന്നതിന്റെ ഉദ്ദേശം ഈ പുതിയ ജോലിക്കാണ്. കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു: അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാന

മത്രെയാകുന്നു. ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല. നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ടു ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു: നാം ചെയ്തു പോരേണ്ടതിനു ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എഫെസ്യർ 2:8–10). ദൈവത്തോടുകൂടെ പ്രവർത്തിക്കേണ്ട വേലക്കാരാണ് നാം (1 കൊരിന്ത്യർ 3:9). ദൈവത്തിനു നമ്മിൽ വലിയ പദ്ധതിയാണുള്ളത്. ഒരാൾ പുതിയ സൃഷ്ടി ആകുന്നതോടെ അയാൾ ഈ പുതിയ വേലയിൽ പ്രവേശിക്കയാണ്. നഷ്ടപ്പെട്ടവരെ രക്ഷിക്കുന്ന പ്രവർത്തിയാണ് ദൈവത്തിന്റേത്. നാം ആ വേലയിൽ പങ്കുചേരണം. വിശ്വസ്തമായി, നിസ്വാർത്ഥമായി ഓരോരുത്തരും സമർപ്പിക്കപ്പെട്ട ദൈവവേലയിൽ മുതിർന്നു വരണം.

## ഒരു പുതിയ പൗരത്വം

നമ്മുടെ ആത്മിയ മനുഷ്യൻ ഇപ്പോൾ മാറി. കാരണം പുതിയ ഒരു രാജ്യത്തിലെ അംഗങ്ങളായി തീർന്നു. പുതിയ രാജാവിന്റെ കീഴിൽ പുതിയൊരു ഉടമ്പടിയുമായി ജീവിക്കണം. സാത്താന്റെ രാജ്യത്തിൽ നിന്നും ഇരുട്ടിന്റെ അധികാരത്തിൽ നിന്നും നമ്മെ വിടുവിച്ച് ദൈവപുത്രനായ ക്രിസ്തുവിന്റെ രാജ്യത്തിലാക്കി വെച്ചിരിക്കുന്നു (കൊലൊസ്യർ 1:13). നാം ഇപ്പോൾ അന്യന്മാരോ പരദേശികളോ അല്ല. ഒരിക്കൽ ക്രിസ്തുവിനെ കൂടാതെയുള്ളവരും യിസ്രായേൽ പൗരതയോടു സംബന്ധമില്ലാത്തവരും വാഗ്ദത്തത്തിന്റെ നിയമങ്ങൾക്കു അന്യരും പ്രത്യാശയില്ലാത്തവരും ലോകത്തിൽ ദൈവമില്ലാത്തവരും ആയിരുന്നു (എഫെസ്യർ 2:12).

സ്വതന്ത്രരാജ്യത്തിലെ പൗരന്മാരാകുക എന്നതു വലിയ നേട്ടം തന്നെയാണ്. സ്വർഗ്ഗീയ രാജ്യത്തിലെ പൗരന്മാരാകുക എന്നതു വളരെ അനുഗ്രഹീതം തന്നെ. ഇളകാത്ത രാജ്യത്തിലാണ് നാം അംഗങ്ങളായിരിക്കുന്നത്. യേശുവിന്റെ രാജ്യത്തിൽ കൂട്ടാളിയായിരുന്നു യോഹന്നാൻ (വെളിപ്പാട് 1:9). നിലനില്ക്കാത്ത ഒരു രാജ്യത്തിൽ ഒരാൾക്കു അംഗമാകാൻ കഴിയുകയില്ല. എന്നേക്കുമുള്ള രാജ്യത്തിൽ എന്നേക്കും വസിക്കുവാനുള്ള അംഗത്വം ലഭിക്കുന്നവരാണ് ഭാഗ്യവാന്മാർ.

### പുതിയ പ്രത്യാശയുള്ള ജീവിതം

എല്ലാ നിലയിലും ഒരു ക്രിസ്ത്യാനിയുടെ ജീവിതം പുതിയതാണ്. ഒരു പുതിയ കാഴ്ച്ചപ്പാടും ലക്ഷ്യവുമുണ്ടാകുന്നു. മുമ്പെ ദൈവരാജ്യവും അവന്റെ നീതിയും അന്വേഷിക്കുക എന്ന തത്വം അടിസ്ഥാനപ്പെടുത്തിയ ജീവിതമാണ് വീണ്ടും ജനിച്ചവരുടേത് (മത്തായി 6:33). അവർ പുതിയ സൃഷ്ടികളായിട്ടാണ് ജീവിക്കേണ്ടത്. ക്രിസ്തുവിന്റെ രക്തത്താലും ദൈവ വചനത്താലും വിശുദ്ധീകരണം പ്രാപിച്ചു വിശുദ്ധന്മാരായി തീരുന്നത് ഭാഗ്യകരമായ ഒരവസ്ഥയാണ്. ആ ഒരു ആത്മിയ നിലവാരത്തിലേക്ക് നമ്മെ ഉയർത്തുവാൻ നമുക്ക് വേണ്ടി യേശുക്രിസ്തുവാണ് പ്രവർത്തിച്ചത്. അങ്ങനെയുള്ളവർക്കാണ് ദൈവവുമായി നിത്യജീവൻ ലഭിക്കുക.

✶

# രക്ഷ ദൈവത്തിന്റെ ദാനവും മനുഷ്യന്റെ ഉത്തരവാദിത്വവും

### തോമസ്. എഫ്

രക്ഷ എന്ന വിഷയം ദൈവഹിതമാണ്. അതിനെ നാലു വിധത്തിൽ കാണുകയാണ് ഈ ലേഖകൻ. രക്ഷ എന്ന വാക്ക് ഉച്ചരിക്കാത്തവർ കാണുകയില്ല. മനുഷ്യർ ദൈവത്തിന്റെ സൃഷ്ടികളാണ്. അപായത്തിനിരയായവർക്ക്, ആപത്തിൽ പെട്ടവർക്ക് അതിൽ നിന്നു രക്ഷ നേടേണ്ടതു അത്യാവശ്യമാണ്. ബൈബിൾ ആരംഭം മുതൽ ഈ രക്ഷയെ എടുത്തു കാണിച്ചിരിക്കുകയാണ്. മനുഷ്യരോടുള്ള ദൈവത്തിന്റെ സ്നേഹവും മനസലിവും ഇതു ദൃശ്യമാക്കുന്നു. അതിന്റെ വിശദാംശങ്ങളിലേക്കു നമുക്കു കടക്കാം.

### 1. രക്ഷ പ്രവചനത്തിൽ

ദൈവം പണ്ടു തന്റെ ജനത്തോടു അരുളിച്ചെയ്തതു പ്രവാചകന്മാരിൽ കൂടെ ആയിരുന്നു. ഭാവിയിൽ ദൈവം അവരോടു എങ്ങനെ പെരുമാറും, എന്താണ് ചെയ്യുവാനിരിക്കുന്നതു എന്നൊക്കെ ഇവരാണ് ജനത്തോട് അറിയിച്ചിരിക്കുന്നത്. യേശു ക്രിസ്തുവിൽ കൂടിയുള്ള രക്ഷയെ ഉല്പത്തി മൂന്നാം അദ്ധ്യായം പതിനഞ്ചാം വാക്യ

ത്തിൽ വാഗ്ദാനം ചെയ്തിട്ടുണ്ട്. അത് അബ്രഹാമിനും ചെയ്തിട്ടുണ്ട്. "നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും; നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." പ്രവചനത്തിൽ അടങ്ങിയിട്ടുള്ള രക്ഷയെ യെശയ്യാവിന്റെ പുസ്തകത്തിലും കാണുന്നുണ്ട്. 'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. അവന്നു ഇമ്മാനുവേൽ എന്നു പേർ വിളിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു മോചിക്കും എന്നതു മത്തായിയുടെ സുവിശേഷം വായിച്ചാൽ നിറവേറുന്നതായി മനസിലാകും (യെശയ്യാവു 7:14; മത്തായി 1:21–23). യേശുക്രിസ്തു മൂലമുള്ള രക്ഷയുടെ വളരെ വിശദീകരണ വിവരങ്ങൾ യെശയ്യാവു അമ്പത്തിമൂന്നിൽ നമുക്കു വായിക്കുവാൻ കഴിയും.

പ്രവചനത്തിൽ മുൻകൂട്ടി അറിയിച്ച രക്ഷയുടെ നിവർത്തീകരണം ദൈവം തന്റെ പുത്രനെ അയച്ചപ്പോൾ പൂർത്തിയായി. മനുഷ്യരുടെ പാപങ്ങളുടെ മറുവിലയായി യേശുക്രിസ്തു മാത്രമാണ് വില കൊടുത്തത്. തന്റെ സ്വന്ത ശരീരം, രക്തം, ജീവൻ എന്നിവ പാപികളായ മനുഷ്യർക്കു വേണ്ടിയാണ് കൊടുത്തത്. മനുഷ്യരെ അതിക്രമങ്ങളിൽ നിന്നു വീണ്ടെടുക്കുക എന്നതു എളുപ്പമായിരുന്നില്ല (യോഹന്നാൻ 3:16). കാൽവറി ക്രൂശിലെ താൻ ചിന്തിയ രക്തവുമായിട്ടാണ് യേശു ദൈവ സന്നിധിയിൽ പ്രവേശിച്ചത്. ദൈവം അതിൽ സംപ്രീതനായി. അങ്ങനെ അവൻ ഒരിക്കലായി അർപ്പിച്ച യാഗത്താൽ മനുഷ്യർക്കു നിത്യമായ വീണ്ടെടുപ്പു സാദ്ധ്യമാക്കി തീർത്തു. തൻമൂലം മനുഷ്യർക്കു ഏവർക്കും ദൈവത്തോടു അടുക്കുവാൻ സന്ദർഭം ഒരുക്കി (എബ്രായർ 9:11–12; 10:12). ദൈവം തന്റെ ഭാഗം പ്രവർത്തിച്ചു കഴിഞ്ഞു. പ്രതികരണം മനുഷ്യരിൽ നിന്നുണ്ടാകണം.

## 2. മനുഷ്യന്റെ ഉത്തരവാദിത്വം

ദൈവത്തെ അന്വേഷിച്ചു കണ്ടെത്തുക എന്നതു എല്ലാ മനുഷ്യരുടേയും ഉത്തരവാദിത്വമാണ്. ദൈവം ഉണ്ടെന്നും ദൈവത്തിന്റെ പ്രവർത്തികൾ മനുഷ്യർ അറിയണമെന്നും അങ്ങനെ വിശ്വസിക്കണമെന്നുമാണ് ദൈവം വച്ചിരിക്കുന്നത്. അതിന്റെ എല്ലാ തെളിവുകളും അവൻ വ്യക്തമാക്കിയിട്ടുണ്ട് (സങ്കീർത്തനം 19:1; റോമർ 1:18

–23). പ്രകൃതിയിൽ നോക്കിയാൽ ദൈവത്തിന്റെ അദൃശ്യമായ സാന്നിദ്ധ്യത്തെ അറിയാം. ലോക സൃഷ്ടിയുടെ ആരംഭം മുതൽ ദൈവം തന്റെ പ്രവർത്തികളാൽ ഇതു വെളിപ്പെടുത്തി. പക്ഷെ ദൈവത്തെ ദൈവമെന്നു അറിഞ്ഞിട്ടും അവനെ ദൈവം എന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെയാണ് ജീവിക്കുന്നത്. അതിൽ ദൈവത്തിനു കുണ്ഠിതമുണ്ട്. മനുഷ്യർ ജീവനോടെ ഇരിക്കുമ്പോൾ ജാഗ്രതയോടെ ദൈവത്തെ അന്വേഷിക്കണമെന്നു ദൈവവചനം നിർദ്ദേശിക്കുന്നു. ദൈവം അദൃശ്യനാണെങ്കിലും അവൻ നമ്മിൽ നിന്നു വിദൂരെയല്ല. ദൈവത്തെ കണ്ടെത്താൻ നാം ദൈവത്തെ തന്നെയാണ് ആശ്രയിക്കേണ്ടത്.

മനുഷ്യർ തങ്ങളുടെ അജ്ഞത നിമിത്തം ദൈവത്തെ രൂപപ്പെടുത്തിയെടുക്കുന്നു. തങ്ങളുടെ സങ്കല്പങ്ങൾക്കനുസരിച്ച് ദൈവത്തിനു ആകൃതിയും പ്രകൃതിയും കൊടുക്കുന്നു. എന്നിട്ടു ദൈവത്തെ തപ്പി നോക്കുന്നു. അതിനെ കുമ്പിട്ടു വണങ്ങുന്നു. ദൈവം ആത്മാവാകുന്നു. അവനെ കാണുവാൻ നാം ആത്മിയ കാഴ്ച്ചപ്പാടുള്ളവർ ആകണം. അതു തിരുവെഴുത്തിൽ വെളിപ്പെടുത്തിയിട്ടുണ്ട്. നാം അതു വായിച്ച് ഗ്രഹിക്കണം. പിശാച് മനുഷ്യരുടെ കണ്ണു കുരുടാക്കി വെച്ചിരിക്കയാണ്. തന്മൂലം ആളുകൾ അന്ധതയിലാണ്. ഹൃദയ ശുദ്ധീകരണമാണ് ദൈവത്തെ കാണുവാൻ അത്യാവശ്യമായി വേണ്ടത്. ലൗകികമായ ഉത്തരവാദിത്വം ആളുകളെ ദൈവിക ഉത്തരവാദിത്വത്തിൽ നിന്നു അകറ്റി നിർത്തുന്നു. ശരിയായ ദിശയിലേക്കു തിരിഞ്ഞു സഞ്ചരിച്ച് ആദ്യം ദൈവത്തെയും അവന്റെ നീതിയെയും അന്വേഷിക്കുന്നവർക്കു അവനെ കണ്ടെത്താൻ കഴിയും. സകല നന്മകളും അവർക്ക് അവൻ നൽകുകയും ചെയ്യും.

## 3. സുവിശേഷീകരണത്തിൽ സഭയുടെ ഉത്തരവാദിത്വം

ദൈവത്തിന്റെ സകല പരിജ്ഞാനവും മർമ്മവും സഭയിലാണ് ദൈവം വെച്ചിരിക്കുന്നത്. അതുകൊണ്ട് ഈ കാര്യത്തിൽ സഭയുടെ ചുമതല വർദ്ധിച്ചതാണ്. ദൈവിക സത്യം ലോകത്തിലുള്ള ആളുകളിലേക്കു എത്തിക്കുവാൻ ദൈവം സഭയെ ഏർപ്പെടുത്തിയിരിക്കുകയാണ് (എഫെസ്യർ 3:10–11). സകല സൃഷ്ടികളോടും സുവിശേഷം അറിയിക്കേണ്ടതാണ്. സുവിശേഷത്തെ മായം ചേർക്കാതെ പ്രസം

ഗിക്കേണ്ടതുണ്ട് (മത്തായി 28:18-20). ക്രിസ്തു പഠിപ്പിച്ചതു ഒക്കെയും ആളുകൾ അനുസരിക്കണം. യേശുക്രിസ്തുവിന്റെ മാതൃക ലോകത്തിനു കാണിച്ചു കൊടുക്കേണ്ട ഉത്തരവാദിത്വവും ഇന്നു സഭയ്ക്കാണുള്ളത്. തന്റെ ഗിരിപ്രഭാഷണത്തിൽ യേശുക്രിസ്തു പറഞ്ഞതു; അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ (മത്തായി 5:16) എന്നാണ്.

യേശുക്രിസ്തുവിന്റെ ജീവിതം ദൈവേഷ്ട പ്രകാരമായിരുന്നു. അപ്പൊസ്തലന്മാർ യേശുക്രിസ്തുവിനെയാണ് അനുകരിച്ചത്. സഭയും ക്രിസ്തുവിനു കീഴ്പ്പെട്ടു അവനെ അനുകരിക്കണം (1 കൊരിന്ത്യർ 11:1). പൗലൊസ് തിമൊഥെയൊസിനെ പ്രബോധിപ്പിക്കുന്നതു വാക്കിലും നടപ്പിലും വിശ്വാസികൾക്കു മാതൃകയായിരിക്ക എന്നാണ് (1 തിമൊഥെയൊസ് 4:12). നിർമ്മല മനസാക്ഷിയോടെ ജീവിച്ച് ദൈവത്തിനു മഹത്വം കൊടുക്കേണ്ട ഉത്തരവാദിത്വവും സഭയ്ക്കുണ്ട്. ലൗകികരായി ജീവിക്കുന്ന ആളുകൾക്കു, ദുരിതമനുഭവിക്കുന്നവർക്കു, നിസഹായരായി തീർന്നവർക്കു സഭ ഒരു അത്താണിയായി തീരണം.

ക്രിസ്ത്യാനികൾ, മൊത്തമായി ഇടവകകൾ, സുവിശേഷീകരണത്തിന്റെ ഫലമായി പരിവർത്തനം നടന്നു കാണാതിരിക്കുമ്പോൾ നിരാശപ്പെടേണ്ട കാര്യമില്ല. കാരണം ദൈവം തന്റെ പദ്ധതി നടപ്പിലാക്കുവാൻ ശ്രമിക്കുമ്പോഴൊക്കെ പിശാച് അതിനെതിരായി പ്രവർത്തിക്കും. മനുഷ്യർ രക്ഷ പ്രാപിക്കുന്നതിന് ദൈവം എപ്പോഴും ആഗ്രഹിക്കുന്നു എന്നാൽ പിശാച് ദൈവത്തിനെതിരായി പ്രവർത്തിച്ച് മനുഷ്യനെ നശിപ്പിക്കുന്നു. ഈ യാഥാർത്ഥ്യം ഓരോരുത്തരും മനസ്സിലാക്കി ദൈവമുൻപാകെ താഴ്ന്നു ദൈവത്തിന്റെ ന്യായവും നീതിയും പ്രവർത്തിച്ച് മറ്റുള്ളവരെ സഹായിക്കുവാൻ സന്നദ്ധരാകണം. നിങ്ങളും ഞാനും ഇപ്പോൾ ജീവിക്കുന്നതുതന്നെ ദൈവത്തിന്റെ ദയവുകൊണ്ടാണെന്ന് തിരിച്ചറിയണം. ദൈവകോപം മനുഷ്യരിൽ വരാതെയിരിക്കേണ്ടതിന് ഓരോരുത്തനും സ്വയം തീരുമാനിച്ചു പ്രവർത്തിക്കണം.

★

# വാർത്തകൾ

## ജസീക്കാലാൽ വധം

വിവാദം സൃഷ്ടിച്ച ജസീക്കാലാൽ വധക്കേസിൽ മുൻ കേന്ദ്ര മന്ത്രി വിനോദ് ശർമയുടെ മകൻ മനു ശർമ ഉൾപ്പടെ മൂന്നു പ്രതികളെ ശിക്ഷിച്ച ഡൽഹി ഹൈക്കോടതി വിധി സുപ്രീം കോടതി ശരിവെച്ചു. കൊലക്കുറ്റത്തിനു മനുവിനു ജീവപര്യന്തം തടവും തെളിവു നശിപ്പിച്ചതിനു സമാജ്‌വാദി പാർട്ടി നേതാവ് ഡി.പി. യാദവിന്റെ മകനും നിതീഷ് കടാര കൊലക്കേസിലെ പ്രധാന പ്രതിയുമായ വികാസ് യാദവ്, ബഹുരാഷ്ട്ര കമ്പനി ജീവനക്കാരനായിരുന്ന ടോണി എന്ന അമർജീത്സിങ് ഗിൽ എന്നിവർക്കു നാലുവർഷം കഠിനതടവുമാണു ശിക്ഷ.

✱

## മോർച്ചറിയിൽ ആറു ഫ്രീസറുകൾ കൂടി

മൃതദേഹ പ്രശ്നം പരിഹരിക്കാൻ മെഡിക്കൽ കോളജ് മോർച്ചറിയിൽ ആറു പുതിയ ഫ്രീസറുകൾ കൂടി സ്ഥാപിക്കാൻ നടപടിയായി.

✱

## സൂക്ഷിച്ചോ! ആ കള്ളൻ ഏജന്റ് ഈ നഗരത്തിൽ!

യാത്രക്കാരറിയാതെ തലസ്ഥാനത്തെ ട്രാവൽ ഏജന്റ് വിമാന യാത്രാ ടിക്കറ്റ് റദ്ദാക്കി. വിസ കാലാവധി തീരുന്നതിനു മണിക്കൂറുകൾക്കു മുൻപ് വിമാനം കയറാൻ നിന്ന മലയാളി ദമ്പതികൾ അമേരിക്കയിലെ സിയാറ്റിൽ വിമാനത്താവളത്തിൽ കുടുങ്ങി. വീണ്ടും ടിക്കറ്റു ബുക്ക് ചെയ്യാനായത് ഭാഗ്യംകൊണ്ട്. മകളുടെ ക്രെഡിറ്റ് കാർഡിൽനിന്നു പണം പിൻവലിച്ച് അമേരിക്കയിലെ മലയാളി ട്രാവൽ ഏജൻസി ഉടമ തക്ക ബുദ്ധി പ്രകടിപ്പിച്ചതുകൊണ്ട്, അതേ വിമാനത്തിൽ ദമ്പതികൾക്കു മടങ്ങാൻ കഴിഞ്ഞു.

*Watch!*

# SATHYANADAM

# TV PROGRAM

## TRUE GOSPEL MESSAGE

## Speaker:

# Bro.P.K. VARGHESE

## Saturday **6 am to 6.30 am**

## On JAI HIND CHANNEL

## പാക്കിസ്ഥാനുവേണ്ടി ചാരവൃത്തി; വനിതാ ഓഫീസർ പിടിയിൽ

പാക്കിസ്ഥാനിലെ ഇന്ത്യൻ ഹൈക്കമ്മിഷനിൽ സെക്കൻഡ് സെക്രട്ടറിയായ മാധുരി ഗുപ്തയെ ചാരവൃത്തി നടത്തിയതിന് ഇവിടെ പൊലീസ് അറസ്റ്റു ചെയ്തു. പാക്കിസ്ഥാൻ രഹസ്യാന്വേഷണ വിഭാഗമായ ഐഎസ്ഐയ്ക്കു രഹസ്യവിവരങ്ങൾ ചോർത്തിക്കൊടുത്തുവെന്നു കണ്ടെത്തിയതിനെ തുടർന്നാണ് അറസ്റ്റ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയം ഇവരെ ഡൽഹിയിലേക്കു വിളിച്ചുവരുത്തി. എത്തിയ ഉടൻ അറസ്റ്റുചെയ്യുകയായിരുന്നു.

✱

## മണിപ്പൂരിൽ സഹഭടന്റെ വെടിയേറ്റ് മലയാളി ഓഫിസർ മരിച്ചു

മണിപ്പൂരിൽ സഹസൈനികന്റെ വെടിയേറ്റു മലയാളിയടക്കം രണ്ടു ജൂനിയർ കമ്മിഷൻഡ് ഓഫീസർമാർ കൊല്ലപ്പെട്ടു. ആലപ്പുഴ കൊറ്റംകുളങ്ങര വേലിയാകുളങ്ങര കാർത്തികയിൽ മൃത്യുഞ്ജയൻ (തിരുമേനി-44) ആണു കൊല്ലപ്പെട്ട മലയാളി.

✱

## പാട്ടും ഹോണും പരിധിവിട്ടാൽ പിടി വീഴും

ചെവിക്കല്ലു തകർക്കുന്ന രീതിയിൽ പാട്ടുവെച്ചാലും ഹോണടിച്ചു വഴിയാത്രക്കാരെ വിരട്ടിയാലും ഇനി പോലീസു നടപടി. ബോക്സ് രൂപത്തിലുള്ള ഉച്ചഭാഷിണികളിൽ രണ്ടു സ്പീക്കറിൽ കൂടുതൽ ഉപയോഗിച്ചാലും കുടുങ്ങും. പരാതിയില്ലെങ്കിലും പോലീസിനു നേരിട്ടു നടപടിയെടുക്കാം.

✱

കാണുക!

# സത്യനാദം

ബ്രദർ.പി.കെ

വർഗ്ഗീസ്

പ്രസംഗിക്കുന്നു

എല്ലാ ശനിയാഴ്ച്ചയും

രാവിലെ 6 മണിക്ക്

ജയ്ഹിന്ദ് ടിവിയിൽ

കാണുക!

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M.<br>TV Program - Every Saturday at 6.00 a.m. (Jai Hind TV)<br>Speaker: P.K. Varghese, **Church of christ** Thampuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M.<br>Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S. Tvm on 23/24 May**
Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/10-11
Licensed to post without prepayment No. KL / TV (N) / WPP/40/2010 -11

*Join us to worship God in Spirit and Truth*
*The*

# CHURCH OF CHRIST

Meets at T.C. 27/225
Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**
**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

To

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378